File No.HEALTH-E1/24/2021-HEALTH

04 MAR 2021

"ഭരണഭാഷ- മാതൃഭാഷ"

16311

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിലെ അസി.ലെപ്രസി ഓഫീസറായ ശ്രീമതി. ലതിക കുമാരി. ജെ യെ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (ലെപ്രസി) തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.589/2021/ആ.ക.വ** തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 12/06/1998 ലെ 19305/Rules-1/96/P&ARD നമ്പർ സർക്കുലർ

2 03/06/1999 ലെ 5328/Rules-1/99/P&ARD നമ്പർ സർക്കുലർ

3 27/05/2020 തീയതിയിലെ സ.ഉ(സാധാ)958/2020/ആ.ക.വ നമ്പർ ഉത്തരവ്

4 ആരോഗ്യവകുപ്പ ഡയറക്ടറുടെ 28/12/2020, 17/02/2021 തീയതിയിലെ ഇജി2 - 84193/2011/ആ.വ.ഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിലെ അസി. ലെപ്രസി ഓഫീസറായ ശ്രീമതി.ലതിക കുമാരി.ജെ -യ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (ലെപ്രസി) തസ്തികയുടെ ആരോഗ്യ വകുപ്പിൽ നിലവിലുള്ള ഒഴിവിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ശുപാർശ പരാമർശം (4) പ്രാകാരം ആരോഗ്യവകുപ്പ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (ലെപ്രസി) യുടെ ഒരു തസ്തിക മാത്രമാണ് നിലവിലുള്ളത് എന്നും ശ്രീ.അബ്ദുൾ ഹമീദ് എം 31/05/2020 വിരമിച്ചതിനെ തുടർന്ന് ടി തസ്തിക ഒഴിഞ്ഞു കിടക്കുകയാണ് എന്നും ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീമതി. ലതിക കുമാരി. ജെ സീനിയർ മോസ്റ്റ് അസി. ലെപ്രസി ഓഫീസറാണെന്നും ടിയാൻ 31/05/2021 ന് വിരമിക്കുമെന്നും ടിയാനെതിരെ അച്ചടക്ക നടപടികൾ ഒന്നും നിലവിലില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന് വിരമിക്കാൻ ആറ് മാസത്തിൽ കുറവ് സർവീസ് മാത്രമേ ഉള്ളൂവെന്നതിനാൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (ലെപ്രസി) തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. കുഷ്ഠരോഗ നിർമ്മാർജന പരിപാടി പൊതുജനാരോഗ്യ സേവനങ്ങളുമായി സമന്വയിപ്പിക്കുകയും ദേശീയ കുഷ്ഠരോഗ നിർമ്മാർജന പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാമിനു കീഴിൽ സൂപ്പർ ന്യൂമററി തസ്തികയായി നിലനിർത്തുകയും ചെയ്തിരുന്നു. നിലവിൽ ടി വിഭാഗത്തിൽ സ്പെഷ്യൽ റൂൾ, എക്സിക്യൂട്ടിവ് ഓർഡർ എന്നിവ നിലവിലില്ലാത്തതും ജീവനക്കാർ ഒഴിവാകുന്നതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗം പൂർണ്ണമായും ഇല്ലാതാകുകയും ചെയ്യുന്നതിനാൽ ടി ജീവനക്കാരൻ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -1 (ലെപ്രസി) തസ്തികയിൽ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നില്ല. ആയതിനാൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - I (ലെപ്രസി) തസ്തികയിൽ ഡി.പി.സി നടത്തി സ്ഥാനക്കയറ്റം നൽകേണ്ട സാഹചര്യം വരുന്നില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലാ മെഡിക്കൽ

ഓഫീസിലെ അസി. ലെപ്രസി ഓഫീസറായ ശ്രീമതി. ലതിക കുമാരി.ജെ, നിലവിൽ ഏറ്റവും സീനിയറും 31/05/2021-ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതുമാണ് എന്ന വസ്തുത കണക്കിലെടുത്ത് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നിലവിലെ വിലക്കിൽ ഇളവ് വരുത്തി KS&SSRs Part II, Rule 31(a) (i) പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (ലെപ്രസി) തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K NANDA KUMAR**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ,പത്തനംതിട്ട

ശ്രീമതി.ലതികകുമാരി.ജെ, അസി.ലെപ്രസി ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ്, പത്തനംതിട്ട (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt.No.EG2/84193/2011 .DHS Date. 06.03.2021

ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടര്നടപടികൾക്കായും അയക്കുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപെടുത്തിയിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ പ്രവേശന നടപടികൾക്ക് ഔദ്യോഗിക രേഖയായി എടുക്കേണ്ടതും, വിടുതൽ തീയതി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്,

ബന്ധപ്പെട്ട ജീവനക്കാരിക്ക് (സ്ഥാപനമേധാവി മുഖാന്തിരം)

പകർപ്പ് 1) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്

2) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പത്തനംതിട്ട